**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 314** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രായാധിക്യമുള്ളവർക്കും ഭിന്നശേഷിക്കാർക്കും ക്ഷേമപെൻഷൻ വീട്ടിലെത്തിച്ചു നൽകൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** പ്രായാധിക്യം മൂലമുള്ള രോഗങ്ങളാൽ പ്രയാസപ്പെടുന്നവർക്കും ഭിന്നശേഷിക്കാർക്കും പെൻഷൻ തുക ബാങ്ക് അക്കൗണ്ടുകൾ വഴി പിൻവലിക്കുന്നത് വലിയ യാത്രാദുരിതവും പ്രയാസവും സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽ പെട്ടിട്ടില്ല.

പെൻഷൻ ലഭിച്ചുവരുന്ന അർഹരായ ഗുണ ഭോക്താക്കൾക്ക് പെൻഷൻ ലഭിക്കുന്നതിൽ യാതൊരു തടസ്സവും ഉണ്ടാകാത്തവിധം നിലവിലെ പദ്ധതി നടപ്പിലാക്കും.

**(ബി)** ഇത്തരക്കാർക്ക് ബാങ്കുകളിൽ നേരിട്ടെത്താതെ ക്ഷേമപെൻഷൻ തുക സഹകരണ സംഘങ്ങൾ/ പ്രാഥമിക സഹകരണ ബാങ്കുകൾ വഴി വീട്ടുകളിൽ നേരിട്ടെത്തിച്ചു നൽകുന്നതിന് എന്തെങ്കിലും നിർദ്ദേശമോ നടപടിയോ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ വാങ്ങുന്നവരിൽ വീട്ടുകളിലെത്തിച്ചു നൽകേണ്ട കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ എന്നിവരെ കണ്ടെത്തുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ മുഖേന പ്രത്യേക സർവേ നടത്താൻ തയ്യാറാകുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പെൻഷൻ തുക വീട്ടുകളിലെത്തിച്ചു നൽകുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടെങ്കിൽ അവ പരിഹരിച്ച് അടിയന്തരമായി ഇവർക്ക് വീട്ടിൽ പെൻഷൻ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**